بسم الله الرحمن الرحيم

# FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ 20.02.2015
## (29 RABI'UL AAKHIR 1436 Hijiri)
## Hazrat Khalifathullah Munir Ahmad Azim (A)

## വെളിപാടുകളുടെ അനുഗ്രഹങ്ങൾ/ 1886 ഫെബ്രുവരി 20 ലെ പ്രവചനം
## BLESSINGS OF REVELATIONS / PROPHECY OF 20 FEBRUARY 1886

സലാമിനുശേഷം തശഹ്ഹുദ്, തഅവ്വുദ്, സൂറ: അൽഫാത്തിഹ ഓതിയ ശേഷം ഹസ്രത് മുഹ്‌യിദ്ദീൻ (അ) പറഞ്ഞു.

വെളിപാട് ഒരു വാക്കായിരിക്കാം, എന്നാൽ അതിന്റെ അർത്ഥം അപാരമായിരിക്കാം. ഒരു തുള്ളി ജലം സമുദ്രത്തിലാകമാനം തരംഗമുണ്ടാക്കുന്നതുപോലെ. വെളിപാടിന്റെ പ്രകൃതം വിവിധങ്ങളാണ്. വെളിപാടുകളുടെ ഇനങ്ങളിൽ, പൈശാചിക ജല്പനങ്ങളുമുണ്ട്. ആത്മീയ സത്യത വെളിവാക്കുന്ന വെളിപാടുകളും ഉണ്ട്. അത് തികച്ചും ദൈവീക വെളിപാടുകളാണ്. ദൈവീക പ്രചോദനങ്ങൾ ഏതൊരു മനുഷ്യനും ലഭിക്കുന്നതാണ്. എന്നാൽ ദൈവീക വെളിപാടുകൾ, സംശുദ്ധമായിരിക്കും, മിക്കവാറും ഉണ്ടാകും. അത് ലഭ്യമാകുന്നത് ദൈവദൂതൻമാർക്കാണ്, തീവ്രമായനുഭവപ്പെടുന്ന ഒരവസ്ഥയിലായിരിക്കും അവർ. അത്തരം വെളിപാടുകൾ സംശയരഹിതങ്ങളാണ്. ഈ പ്രത്യേക പ്രകാശത്തിന്റെ ഉറവിടം അന്യൂനമാണ്. അല്ലാഹുവിന്റെ ഒരു വിശിഷ്ട സേവകനെ അവന്റെ രക്ഷിതാവുമായി ബന്ധിപ്പിക്കുന്ന അസാധാരണമായ ബന്ധം, ഇസ്‌ലാമിലെ വെളിപാട് അതാണ്, അത് ഒരേ വിധമാണ്. അല്ലാഹുവിന്റെ ഈ സേവകൻ, അല്ലാഹു താൻ തന്നെ തന്റെ സേവകന് വെളിപ്പെടുത്തുന്നതിലൂടെ, ഒരു പ്രത്യേക സ്നേഹബന്ധം രുചിച്ചറിയുവാൻ തുടങ്ങുന്നു, കുറേശ്ശയായി, ഒരു പൂന്തോട്ടക്കാരൻ പുതുതായി ഇട്ട വിത്തിന് വെള്ളം നനച്ച് വളർന്നു വലുതാകുന്നത് കാണുന്നത് പോലെ, ശക്തി പ്രാപിക്കുന്നത് കാണുന്നതു പോലെ, ഉൽപാദനക്ഷമതയുള്ളതായി തീരുന്നതുപോലെ - അല്ലാഹുവിന്റെ ഈ ദാസൻ സ്വപ്നങ്ങളിലൂടെയും ദർശനങ്ങളിലൂടെയും, ദൈവീക പ്രചോദനങ്ങളിലൂടെയും, വെളിപാടുകളിലൂടെയും വളരുന്നു. ആത്മീയതയുടെ ഒരവസ്ഥയിൽ നിന്നും മറ്റൊരവസ്ഥയിലേക്ക്, ഒടുവിൽ പ്രത്യേക കഴിവുറ്റ, അനുഗ്രഹീതമായ അല്ലാഹുവിന്റെ ഉപകരണമായി മാറുന്നു. അവന്റെ ഉള്ളിൽ ലഭ്യമായി തീരുന്ന പ്രകാശം മുഴു ലോകത്തെയും പ്രകാശമാനമാക്കിതീർക്കാൻ കഴിയുന്നതാണ്.

അദ്ദേഹത്തിന്റെ അസ്ഥിത്വം ഒരു പ്രകാശ ഗോപുരമായി തീരുന്നു; ദീപസ്തംഭമായി മാറുന്നു. അല്ലാഹുവിന്റെ തൃപ്തിയുടെ ചക്രവാളത്തിലുള്ളവരെ അത് ആകർഷിക്കുന്നു. അവന്റെ പ്രകാശം ദർശിക്കുന്നു. ഒരു റഡാർ ശക്തിമത്തായ സിഗ്നൽ കാണിക്കുന്നതുപോലെ ! ഭൂമിയിലെ ജനങ്ങൾക്കിടയിൽ തന്റെ സാന്നിദ്ധ്യം പ്രകടമാക്കുന്നു. വിശിഷ്യാ, യഥാർത്ഥ ജ്ഞാനത്താൽ സമ്പന്നമായവരെ !

മിക്കവാറും, ഈ ആളുകൾ ബുദ്ധിമാൻമാരാണ്, അവർ വളരെ വിനയപ്രകൃതമുള്ളവരാണ്. ആളുകളുടെ വീക്ഷണത്തിൽ ഇവർ സാധുക്കളും, പ്രതീക്ഷയില്ലാത്തവരുമായിരിക്കും. എന്നാൽ സർവ്വശക്തനായ അല്ലാഹുവിന്റെ വീക്ഷണത്തിൽ അവരുടെ പദവി വളരെ മഹോന്നതമാണ്. കാരണം അവരുടെ ബുദ്ധിയെ അവർ വിൽക്കുന്നവരല്ല ; അവരുടെ ഹൃദയ പരിശുദ്ധിയെ വിൽക്കില്ല, വിശ്വാസത്തെ വിൽക്കില്ല, ഇഹലോക ആഡംബരങ്ങൾക്കായി ! കാരണം അവർ അതിനോട് ചേർന്നു നിൽക്കുന്നവരല്ല. ഒരു വ്യക്തി പണക്കാരനായിരിക്കാം, അതോടൊപ്പം അയാൾ യഥാർത്ഥ ബുദ്ധിമാനുമായിരിക്കാം ; അവർ സമ്പാദിക്കുന്ന ധനവും പണവും ധാരളം ഉണ്ടെങ്കിലും അവർ അത്യാഗ്രഹം ഉള്ളവരായിരിക്കില്ല ; അവർ ഈ ധനത്തെ യഥാർത്ഥ വഴിയിലേക്ക് വഴി തിരിച്ചു വിടുന്നു. ഇതിനു നമുക്ക് പറയുവാൻ കഴിയും അയാൾ ഖുർ ആന്റെ നിർദ്ദേശങ്ങളെയും കല്പനകളെയും അനുസരിക്കുന്ന ആളാണെന്ന് ! അദ്ദേഹം തന്റെ ധനം സാധുക്കളുമായി ക്രമമനുസരിച്ച് പങ്കുവയ്ക്കുന്നു ; അല്ലാഹു നിർബന്ധമാക്കിയ നിലയിൽ ; അതുപോലെ തന്റെ ധനത്തിൽ നിന്നും ജീവകാരുണ്യപ്രവർത്തന

ങ്ങൾക്കായി ചെലവാഴിക്കുന്നു; തികഞ്ഞ വിശ്വാസത്തോടെ, അതൊരു സ്വമനസ്സാലെയുള്ള പ്രവൃത്തിയാണ്. നിർഭാഗ്യവാന്മാരായ സഹോദരങ്ങളെ സഹായിക്കുക എന്നത് ഹൃദയ ആർദ്രതയിലൂടെ ലഭ്യമാകുന്ന ഗുണമാണ്. അതുപോലെ ജനങ്ങളെ അല്ലാഹുവിലേക്ക് - ഇസ്ലാമിലേക്ക് - ക്ഷണിക്കുവാനുള്ള ദഅ്വ മിഷൻ പ്രവർത്തനത്തിനായും അവർ തങ്ങളുടെ ധനം ചെലവഴിക്കുന്നു.

ആയതിനാൽ, ബുദ്ധിമാൻമാർ, പണക്കാരാകട്ടെ പാവപ്പെട്ടവരാകട്ടെ, അഥവാ വലിയ പണക്കാരോ, വലിയ പാപങ്ങളോ അല്ലാത്തവരാകട്ടെ, അല്ലാഹു പുറപ്പെടുവിച്ച പ്രത്യേക റഡാർ പുറപ്പെടുവിച്ച സിഗ്നൽ പിടിച്ചെടുക്കുന്നു. അങ്ങനെ ഈ അസാധാരണ വൃത്ത പരിധിയിലുള്ളവർ, സംശയരഹിതമായ നിലയിൽ, അല്ലാഹുവിലേക്ക് എത്തിച്ചേരുവാൻ പ്രാപ്തരാകുന്നു. അല്ലാഹുവിന്റെ ഈ ദൂതൻ, ഈ പ്രകാശ വാഹകൻ, ഈ ലോകത്തിന്റെ വഴികാട്ടി, അല്ലാഹുമായി ഈ ബന്ധം എങ്ങനെ സ്ഥാപിക്കാമെന്ന് പഠിപ്പിക്കുവാനായി വന്നതാണ്. റൂഹുൽ ഖുദ്സിന്റെ (ദൈവവചനത്തിന്റെ) സഹായത്തോടെയാണ് അദ്ദേഹം ഇത് നിർവ്വഹിക്കുന്നത്.

ദൈവീക ദൃഷ്ടാന്തത്തിന്റെ പ്രാരംഭംമുതൽ തന്നെ, മൗറീഷ്യസിലെ എന്റെ അനുയായികളോട് സാധാരണ പറയുന്നതുപോലെ, ഹൃദയപരിശുദ്ധിയിലൂടെമാത്രമേ അല്ലാഹുമായുള്ള ബന്ധം ഉണ്ടാവുകയുള്ളൂ; അതെ, ആ പരിശുദ്ധ അവസ്ഥയിൽ, ആത്മീയ വഴികാട്ടിയിൽ (അതായത് ഈ വിനീതൻ) അദ്ദേഹത്തിന്റെ സത്യതയിൽ, ദൈവീക ദൃഷ്ടാന്തത്തിൽ യാതൊരു സംശയവും ഉണ്ടാവുകയില്ല. പരിശുദ്ധ വചനവുമായി തന്റെ ദൂതനെ നിയോഗിച്ച ദൈവത്തിന്റെ വിശ്വസ്തതയിൽ, വിശ്വാസത്തിൽ, സംസാരിക്കുവാൻ നാവില്ലെങ്കിൽ പോലും സംസാരിക്കുവാൻ കഴിയുന്ന ശക്തിയുണ്ട് എന്നതിലേക്ക്, ചോദ്യം ചെയ്യുന്ന വ്യക്തിക്ക് അല്ലാഹുവിലേക്ക് എത്തിച്ചേരുവാൻ സാധിക്കുന്നതാണ്. ഈ കാലഘട്ടത്തിൽ ഇപ്പോൾ നടക്കുന്ന ദൈവീക ദൃഷ്ടാന്തത്തെക്കുറിച്ചാണ് നാം സംസാരിക്കുന്നത്. കാരണം അല്ലാഹുവിലേക്ക് നിങ്ങളെ എല്ലാവരെയും മാർഗ്ഗദർശനം നൽകുന്നതിനായി എന്നെ ഈ നൂറ്റാണ്ടിലേക്ക് നിയോഗിച്ചിരിക്കുകയാണ്. ആയതിനാൽ ഈ വിനീതനിലുള്ള വിശ്വാസം അനിവാര്യമാണ്. അസാമാന്യ വൈശിഷ്ട്യമുള്ള അല്ലാഹുവിന്റെ സന്നിധി ലഭിക്കുവാൻ ആഗ്രഹിക്കുന്നവർ ഈ വിനീതനെ വഴികാട്ടിയായും, മാർഗ്ഗദർശിയായും സ്വീകരിക്കേണ്ടതാണ്.

അപ്പോൾ, വിശ്വസ്തതയും, വിശ്വാസവും ഹൃദയങ്ങളിൽ രൂഢമൂലമാകുമ്പോൾ, ഒരാൾ ദൈവ സ്മരണയിലേക്ക് തിരിയുമ്പോൾ, കരുണാവാരിധിയായ റബ്ബ് ഭക്തിയാൽ, സ്നേഹത്താൽ, ആത്മാർത്ഥതയാൽ അവനെ സമ്പുഷ്ടനാക്കുന്നു. അങ്ങനെ അല്ലാഹു അവർക്കായി ആ വാതിൽ തുറക്കുന്നു ; ആ ഭാഗ്യവാന്മാർ അല്ലാഹുവിന്റെ പ്രത്യേക അനുഗ്രഹങ്ങൾക്ക് പാത്രമാകുന്നു; അവർക്കായി ദൈവീക വെളിപാടുകൾ, ദൈവീക പ്രചോദനങ്ങൾ, സത്യ ദർശനങ്ങൾ നൽകി ആ വഴിയിലൂടെ, അല്ലാഹുവിന്റെ ദൂതന്റെ സത്യവാദിത്വത്തെ സ്ഥാപിക്കുകയും അവർക്കായി അല്ലാഹു നിയോഗിച്ചിരിക്കുന്ന വ്യക്തിയിലൂടെ അല്ലാഹുവിലേക്ക് നടന്നടുക്കുവാനുള്ള വഴികൾ തുറക്കപ്പെടുകയും ചെയ്യുന്നു. അല്ലാഹുവിന്റെ ദൂതന് ലഭിക്കുന്ന നിലവാരത്തിലും, ഗുണത്തിലും, ശക്തിയിലും അവർക്ക് വെളിപാടുകൾ ലഭിക്കുന്നതല്ല; മറിച്ച് അവർക്ക് ലഭിക്കുന്നത് കുറഞ്ഞ അളവിൽ മാത്രമാണ്; തെറ്റിദ്ധാരണകൾ ഉണ്ടെങ്കിൽ മാറാൻവേണ്ടി മാത്രം സംശയനിവാരണത്തിന് മാത്രം അവരുടെ കാലഘട്ടത്തിലെ ദൂതനെപ്പറ്റിയും ദൈവീക ദൃഷ്ടാന്തത്തെപ്പറ്റിയുമുള്ള സംശയനിവാരണത്തിന്വേണ്ടി മാത്രം!

അവർ, വിശുദ്ധഖുർ ആനിലെ ജീവിതമായിരിക്കും ജീവിക്കുന്നത്. ഈ പ്രസ്താവനയിലൂടെ ഞാൻ അർത്ഥമാക്കുന്നത്, ഒരു പ്രശ്നത്തെ സംബന്ധിച്ച് വിശുദ്ധ ഖുർ ആനോട് ഉപദേശം ചോദിക്കുമ്പോൾ, ഇതിലൂടെ അല്ലാഹുവിന്റെ സഹായമാണ് അവർ ആവശ്യപ്പെടുന്നത്, അപ്പോൾ, ഖുർ ആൻ അവരോട് സംസാരിക്കുന്നു. അല്ലാഹുവിന്റെ വചനം അവർക്ക് കാണിച്ചുകൊടുക്കുന്നു; അവർ അഭിമുഖീകരിക്കുന്ന അവരുടെ പ്രശ്ന പരിഹാരത്തിന് അനുയോജ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ ! അവർക്ക് വെളിപാടുകളിൽ ജീവിക്കുവാൻ കഴിയുന്നു; കാരണം അവർ ഖുർആനിലൂടെ അവരുടെ ഹൃദയങ്ങളെ ശുദ്ധീകരിച്ചിരിക്കുന്നു. ഖുർ ആനിലെ പേജുകളിലൂടെ അവരോട് അല്ലാഹു സംസാരിക്കുന്നു എന്ന നിലവാരത്തിലേക്ക് അവർ ഉയരുന്നു.

അവർ, ദൈവ സ്മരണയിൽ മുഴുകി കഴിഞ്ഞാൽ, അവർക്ക് അല്ലാഹുമായി ഒരു അസാധാരണ ബന്ധം ഉണ്ടായി തീരുന്നു; അപ്പോൾ അല്ലാഹു അവർക്കായി ദർശനത്തിന്റെയും വെളിപാടുകളുടെയും വഴികൾ അവർക്കായി തുറക്കുന്നു. അങ്ങനെ അവർ (അവരുടെ ആത്മാക്കൾ) അല്ലാഹുവിന്റെ ശക്തി പ്രഭാവത്തിലൂടെ ബോധാവസ്ഥയിൽ തന്നെ അവരെ ദർശനാവസ്ഥയിലേക്ക് നയിക്കുന്നു; അങ്ങനെ അവർ കാണുകയും, അനുഭവിച്ചറിയുകയും, അഭിനന്ദിക്കുകയും ചെയ്യുന്നത് അവരറിയണമെന്ന് അല്ലാഹു ആഗ്രഹിക്കുന്നു.

ഇത്തരം ആളുകളും - മനുഷ്യർ പ്രകൃതിയിൽ തന്നെ ദുർബ്ബലരാകുന്നു - അവർ എപ്പോഴെങ്കിലും തെറ്റു ചെയ്താൽ, ദൈവീകമായ കർശനമായ താക്കീത് ലഭിക്കുവാൻ കഴിവുള്ളവരാണ്. അല്ലാഹുവിന്റെ ദൂതനുമായുള്ള അവരുടെ സഹവാസത്തിലൂടെ, ഈ നൂറ്റാണ്ടിലേക്ക് അല്ലാഹു തെരഞ്ഞെടുത്ത തന്റെ ദാസനിലൂടെ, കടന്നുപോകുന്ന റൂഹുൽ ഖുദ്സിന്റെ പ്രകാശത്തിൽ അവരും ഭാഗവാക്കാകുന്നു എന്നുമാത്രം; ലൈലത്തുൽ ഖദ്റിനെ പോലെ ! അസാധാരണമായ അടയാളങ്ങൾക്കും, ദർശന പ്രാർത്ഥന പൂർത്തീകരണങ്ങൾക്കും സാക്ഷീകരിക്കപ്പെടുകയും അത് അവരുടെ വിശ്വാസത്തെ ശക്തിപ്പെടുത്തുകയും, അവരുടെ ഹൃദയങ്ങൾ അല്ലാഹുവിനോടുള്ള സ്നേഹത്താലും സമർപ്പണത്താലും ഇഴുകി ചേരുകയും ചെയ്യുന്നതിനായി. അല്ലാഹുവിന്റെ ദൂതൻ ആഗതരാകുന്നത് ഇത്തരം ആളുകൾക്ക് മാർഗ്ഗദർശനം നൽകുന്നതിനും, അവർ വിശ്വാസത്തിന്റെ പാരമ്യതയിലേക്ക് എത്തിച്ചേരുന്നതിനുമായി. അവർക്ക് ലഭ്യമാകുന്ന വിശ്വാസം തികച്ചും അല്ലാഹുവിൽ നിന്നുള്ളതാകുന്നു. അവരുടെ വിശ്വാസത്തിന്റെ ഉയർച്ച താഴ്ചകൾ അറിയുന്നവൻ അല്ലാഹുമാത്രമാകുന്നു. എന്നാൽ അവരുടെ വിശ്വാസവും, ആത്മാർത്ഥതയും, അവർ വിശദീകരിക്കുമ്പോൾ, നമുക്ക് ഒരു ചെറിയ ആശയം കിട്ടുന്നു; അവരിലുള്ള വിശ്വാസത്തിന്റെ അവസ്ഥയെപ്പറ്റി ! എന്നാൽ അല്ലാഹു താൻ തന്നെയാണ് അവരുടെ സംരക്ഷകനും മാർഗ്ഗദർശിയും. അല്ലാഹുവിന്റെ ദൂതൻമാരുടെ യഥാർത്ഥ അനുയായികൾ അവരാണ് ! എന്തു തന്നെയായാലും ദുഷ്ടാത്മാക്കളുടെ ജല്പനങ്ങൾ എന്തുതന്നെയായാലും; അവയെ അവഗണിക്കുക, എന്നിട്ട് ലഭിച്ച അസാധാരണമായ അനുഗ്രഹങ്ങളും, പ്രകാശ രശ്മികളും മുറുകെപിടിക്കുക. അത് അല്ലാഹു അവർക്ക് സത്യപ്പെടുത്തിയത് തന്നെയാണ് ! അവരുടെ ബുദ്ധിയേയും ദൈവീക മാർഗ്ഗദർശനത്തേയും സത്യമാക്കിയതുകൊണ്ടാണ്. അവരുടെ കാലഘട്ടത്തിലെ അല്ലാഹുവിന്റെ ദൂതന്റെ സഹായികളാണവർ. അവരുടെ ജീവിതം ദൈവീക സഹായത്തിന്റെ പ്രകടനമായിത്തീരുന്നു. യഥാർത്ഥ നിലയിൽ ഇസ്ലാമിൽ അവർക്ക് ജീവിക്കുവാൻ സാധിക്കുന്നു. സത്യസ്വപ്നങ്ങളിലൂടെ സുവിശേഷ വാർത്തകൾ അവർക്ക് ലഭിക്കുന്നു. ദൈവീക ശക്തിയാൽ അവർ ആകർഷിക്കപ്പെടുന്നു. ആത്മീയ ലോകത്തുള്ളതിനെ അവർ സാക്ഷ്യപ്പെടുത്തുന്നു. അല്ലാഹു ആഗ്രഹിക്കുന്നത് അവരെ കാണിക്കുന്നു. ഈ രീതിയിൽ, അല്ലാഹു തന്റെ ദൂതന്റെ ആത്മീയ പദവിയും സത്യവാദിത്വത്തവും അവർക്ക് അറിയിക്കപ്പെടുന്നു. ദൈവീക പദ്ധതിയിൽ ദൂതനോടൊപ്പം നിന്ന് നിർവ്വഹിക്കേണ്ട പങ്കിനെക്കുറിച്ചും അവർക്ക് ബോധനം നൽകുന്നു.

ആയതിനാൽ ദൈവീക വെളിപാടുകൾ അല്ലാഹുവിന്റെ ദൂതൻ മാത്രമല്ല അനുഭവിച്ചറിയുന്നത്, അല്ലാഹുവിന്റെ ദൂതന്റെ ആത്മാർത്ഥ അനുയായികളും ഒരു പരിധി വരെ അനുഭവിച്ചറിയുന്നു. അല്ലാഹുവിനോടും അവന്റെ ദൂതനോടുമുള്ള അവരുടെ ബന്ധത്തിന്റെ ഫലമായി കുറേശ്ശയായി അവർ അനുഭവിച്ചറിയുന്നു. ഈ ലോക ജീവിതം ഒരൽപ്പകാലത്തേക്ക് മാത്രമുള്ളതാകുന്നു ; എന്നാൽ അവരുടെ സത്ത, വിശിഷ്യാ അവരുടെ ആത്മീയ സത്ത എന്നെന്നും ജീവിക്കുന്നതാണ്; ദൈവീക ഇച്ഛക്കായി അവർ തങ്ങളെ സമർപ്പിക്കുമ്പോൾ, അല്ലാഹുവിന്റെയും അവന്റെ ദൂതന്റെയും പ്രകാശത്തിൽ അവർ സ്വയം അലിഞ്ഞു ചേരുമ്പോൾ.... (അവർ എന്നെന്നും ജീവിക്കുന്നവരായി തീരുന്നതാണ്)

ഈ വിശാലമായ വിഷയത്തെപ്പറ്റിയുള്ള എന്റെ പ്രസംഗം അവസാനിപ്പിക്കുന്നതിനുമുമ്പ് ; (വെളിപാടുകൾ) 1886 ഫെബ്രുവരി 20-ാം തീയതിയിലെ പ്രവചനത്തെക്കുറിച്ച് ഏതാനും കാര്യങ്ങൾ പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. ഇന്ന് ഫെബ്രുവരി 20-ാം തീയതിയാണ്. 1886 ഫെബ്രുവരി 20-ാം തീയതി നടത്തിയ മഹത്തായ ഒരു പ്രവചന പ്രഖ്യാപനം നമ്മെ ഇന്ന് ഓർമിപ്പിക്കുകയാണ്. വാഗ്ദത്ത മസീഹ് (അ) ഹോഷിയാർപൂരിൽ വച്ച് അല്ലാഹുവിനോട് കിഴിഞ്ഞ് അപേക്ഷിക്കുന്നു. അപേക്ഷ ഇതായിരിന്നു.; **“അല്ലാഹുവേ എനിക്ക് ഒരു ശാരീരിക പുത്രനെ തന്നനുഗ്രഹിക്കേണമേ, അവൻ എന്റെ ശാരീരിക പുത്രൻ ആകുന്നതിനോടൊപ്പം, മഹനീയ ആദരവുള്ള ആത്മീയ അനന്തരാവകാശിയുമായിരിക്കണമേ”** ഒരു പ്രവാചകൻ അല്ലാഹുവിന്റെ പ്രതിനിധി, എപ്പോഴും സത് സന്താനങ്ങൾ ഉണ്ടാകണമെന്ന് ആഗ്രഹിക്കുന്നവനാണ്, തന്റെ ദൗത്യം തുടർന്നു നടത്തുന്നതിന്, തന്റെ രക്ത ബന്ധത്തിലൂടെ ആളുണ്ടാകണമെന്ന് ആഗ്രഹിക്കുന്നവരാണ്. ഭൂമിയിൽ തന്റെ ജീവിതത്തിലുടനീളം അല്ലാഹുവിനോട് കാണിച്ച അതേ ഭക്തി സാന്ദ്രതയോടെ തന്റെ ജോലികൾ തുടർന്നു ചെയ്യാനായി. തങ്ങളുടെ രക്തത്തിൽ നിന്ന് അത്തരം മുത്തുകൾ ഉണ്ടാകുവാൻ പ്രവാചകൻമാർ അല്ലാഹുവിനോട് പ്രാർത്ഥിക്കാറുണ്ട്. ഹസ്രത് ഇബ്രാഹീം (അ) അനുഗ്രഹീത സുതനുവേണ്ടിയും പ്രവാചകനുവേണ്ടിയും പ്രാർത്ഥിക്കുക ഉണ്ടായി. വർഷങ്ങളോളം കുട്ടികൾ ഇല്ലാതിരുന്നതിനുശേഷം ; അല്ലാഹുവിന്റെ മഹത്വത്തിൽ നിന്നും അനുഗ്രഹത്തിൽ നിന്നും

അല്ലാഹുവിൽ നിന്നുള്ള ഒരു ദിവ്യ ദൃഷ്ടാന്തമായി അതിനെ അന്വേഷിക്കുകയുണ്ടായി; തന്റെ രക്തത്തിൽ നിന്നുള്ള ആ പരിശുദ്ധ പുത്രൻ ആത്മീയാനന്തരാവകാശിയുമായിരിക്കുവാൻ പ്രാർത്ഥിക്കുകയുണ്ടായി. അങ്ങനെ അദ്ദേഹത്തെ അല്ലാഹു പ്രവാചകനായി തെരഞ്ഞെടുത്തു. അല്ലാഹു അദ്ദേഹത്തെ പരിശുദ്ധനാക്കി തീർക്കുകയും ചെയ്തു. അതുപോലെ ഹസ്രത് സക്കറിയ (അ) നും ഹസ്രത് ദാവൂദ് (അ) നും സുതന്മാരെ ലഭിക്കുകയുണ്ടായി. ഒരു ദൂതൻ അല്ലാഹുവിനോട് നടത്തിയ പ്രാർത്ഥനയെ തെറ്റിദ്ധരിക്കരുത്. ഏത് നിലയിലുള്ള സന്താനത്തെയാണ് അദ്ദേഹം ആവശ്യപ്പെടുന്നത് എന്നത് സംബന്ധിച്ച് ! പ്രവാചകൻ ആവശ്യപ്പെടുന്നത് ജീവശാസ്ത്രപരമായും ആത്മീയമായുമുള്ള അനന്തരാവകാശിയെയാണ്. ആ പുത്രനിൽ ഈ രണ്ട് ഗുണങ്ങളുമുണ്ടായിരിക്കണം. അല്ലാഹു ഇതിൽ നിന്ന് ലഭ്യമായ അനുഗ്രഹീത ജോലികൾ ഏറ്റെടുത്ത് നടത്തുവാൻ പര്യാപ്തമായ സുതനെ ! ഒരു പ്രവചനം ഉണ്ടാകുമ്പോൾ, വിശിഷ്യാ ഒരു സന്തോഷ വാർത്ത അല്ലാഹുവിൽ നിന്നുണ്ടാകുമ്പോൾ അത്തരം ഒരു പുത്രന്റെ പിതാവാകുമ്പോൾ, അല്ലാഹു ആ സുതന് വളരെയധികം ആത്മീയവും ദൈവീകവുമായ ഗുണങ്ങൾ നൽകപ്പെടുമ്പോൾ, അല്ലാഹുവിന്റെ പ്രവാചക പുത്രനിൽ തിളങ്ങേണ്ട പരിശുദ്ധത നൽകുമ്പോൾ, ഇത്തരം ഒരു അർത്ഥനയുടെ ഫലം, ഇസ്ലാമിലെ വാഗ്ദത്ത മസീഹിന്, നൽകപ്പെടുകയുണ്ടായി.

വാഗ്ദത്ത മസീഹിന്റെ അനേകം അറിയിപ്പുകളിലൂടെ, ഒരു ശാരീരിക പുത്രനെ അദ്ദേഹം കാത്തിരിക്കുകയാണെന്നും ആ പുത്രൻ ഇസ്ലാമിന്റെ പരിഷ്കർത്താവായാരിക്കുമെന്നും, അവൻ അദ്ദേഹത്തിന്റെ പ്രതിബിംബമായിരിക്കുമെന്നും, മിസിഹാ ഗുണങ്ങൾ അവനിൽ ഉണ്ടായിരിക്കുമെന്നും ലോകാവസാനത്തോളം തന്റെ സന്ദേശം എത്തിക്കുന്നതിനുള്ള ശ്രമത്തിലേർപ്പെടുമെന്നും പറയുകയുണ്ടായി.

നിങ്ങൾ എന്നോട് ഇക്കാര്യത്തിൽ യോജിക്കുമെന്ന് കരുതുന്നു. അതായത് ഭൂമിയിൽ അല്ലാഹുവിന്റെ ഒരു പ്രതിനിധി വരുമ്പോഴെല്ലാം, ഭൂമി ഉണ്ടായ കാലം മുതൽ സംഭവിച്ചുകൊണ്ടിരിക്കുന്നതുമാണ്; അല്ലാഹുവിന്റെ ഒരു ദൂതന് ആത്മീയ അനന്തരാവകാശികൾ ഉണ്ടായിരിക്കുന്നതാണ് എന്നും, അല്ലാഹുവിന്റെ ദൂതൻമാർ അദ്ദേഹത്തിന്റെ സത്യവാദിത്വം സ്ഥിരീകരിക്കുമെന്നും, അദ്ദേഹത്തിന്റെ സന്ദേശവും ബഹുമതിയും ഭൂമിയിൽ ജീവൻ നിലനിൽക്കുന്നിടത്തോളം വ്യാവിപ്പിക്കുന്നതാണെന്നും പ്രതീക്ഷിക്കപ്പെടുന്ന കാര്യമാണ്. മാത്രമല്ല ഇത് അല്ലാഹുവിന്റെ സുന്നത്താണ് ! ആരംഭം മുതൽ അവസാനം വരെ അവന്റെ എല്ലാ പ്രവാചകന്മാരുടെയും മഹത്വം സംരക്ഷിക്കുക എന്നത് അല്ലാഹുവിന്റെ നടപടി ക്രമമാണ്. ആയതിനാൽ പ്രവാചകന്മാരുടെ ആത്മീയ സന്തതികൾ വരുകയെന്നത്, പ്രത്യേകിച്ച് അവസാന മതത്തിന്റെ ആഗമനത്തിന് ശേഷം, ഇസ്ലാം ഒരു സാർവ്വദേശീയ മതം എന്ന നിലയിൽ, അല്ലാഹുവിൽ നിന്നുള്ള ദൂതൻമാരെ സ്വീകരിക്കുന്നതിന്റെ ലക്ഷ്യം, മുസ്ലീംങ്ങളുടെ അവസ്ഥയ്ക്ക് മാറ്റം വരുത്തുന്നതിനുവേണ്ടിയാണ് ; ഇസ്ലാമിന്റെ മഹത്വം തിരികെ കൊണ്ടുവരുന്നതിനും വേണ്ടിയാണ് ! അതുപോലെ എന്നെന്നും ജീവിച്ചിരിക്കുന്ന ദൈവം എന്ന നിലയിൽ അല്ലാഹു എല്ലായ്പ്പോഴും ഇസ്ലാമിനേയും അവന്റെ ഇസ്ലാമിക് മിസിഹാ ഹസ്രത് മിർസാഗുലാം അഹ്മദ് (അ) യുടെ ജമാഅത്തിനെയും സംരക്ഷിക്കുമെന്നും, ഇത് അല്ലാഹുവിന്റെ സുന്നത്താണെന്നും ഇസ്ലാമിൽ അല്ലാഹുവിന്റെ ദൂതൻമാർ വന്നുകൊണ്ടിരിക്കുമെന്നും ; ഹസ്രത് മസീഹ് മൗഊദ് (അ) യുടെ ജമാഅത്തിലൂടെയായിരിക്കും അത് ഉണ്ടാവുകയെന്നും, അതൊരു ചങ്ങലപോലെ, ഒന്ന് മറ്റൊന്നിനെ ശക്തിപ്പെടുത്തി വരുന്നതും, എന്നിട്ട് ആ ചങ്ങലയെ ശക്തിപ്പെടുത്തുകയും, അങ്ങനെ മനുഷ്യ കുലോത്തമനും പ്രവാചക ശ്രേഷ്ഠനുമായ മുഹമ്മദ് (സ) യുടെ മഹത്വത്തെ സംരക്ഷിക്കുന്നതുമാണ്.

ആയതിനാൽ, അല്ലാഹുവിന്റെ ഒരു പ്രതിനിധി, വളരെ പ്രത്യക്ഷമായി ഇപ്പോൾ, അല്ലാഹുവിന്റെ ഒരു ദൂതൻ, അല്ലാഹുവിന്റെ ജലാശയത്തിൽ നിന്നും അവന്റെ പ്രിയപ്രവാചകൻ മുഹമ്മദ് (സ) യുടെ പ്രവാചകത്വത്തിൽ നിന്നും, ഒരു ദിവ്യാടയാളം തേടുന്നു, ഇസ്ലാമിന്റെ ഭാവിഭാസുരതയ്ക്ക് ഒരു ദൃഷ്ടാന്തമായി ഒരു സുതന്റെ ജനനം ! അപ്പോൾ, ജീവശാസ്ത്രപരമായ ഒരു പുത്രൻ ആ മഹത്തായ അടയാളത്തിന്റെ ദൃഷ്ടാന്തം തേടുന്നു. അദ്ദേഹം മനസ്സിലാക്കുന്നു തന്റെ മരണശേഷം, വർഷങ്ങൾക്കുശേഷം ഇസ്ലാമും തന്റെ ജമാഅത്തും തന്റെ അദ്ധ്യാപനങ്ങളിൽ നിന്നും വഴുതിമാറിപ്പോകുമ്പോൾ, അല്ലാഹുവിന്റെ സുന്നത്ത് അനുസരിച്ച്, അല്ലാഹു (ത) ഒരാളെ നിയോഗിക്കുന്നതാണ്, തന്റെ ആളുകളിൽ നിന്ന്, തന്റെ സമുദായത്തിൽ നിന്ന്, തന്റെ മതത്തിൽ നിന്ന്, തന്റെ ജമാഅത്തിൽ നിന്ന്, ആ സഹോദരൻ, തന്റെ സന്ദേശം തുടരുന്നതാണ്. അദ്ദേഹത്തിന്റെ അനന്തരവകാശി, തനിക്ക് വേണ്ടിയുള്ള ഒരു വിശ്വാസി സഹോദരനായിരിക്കും ; അതുപോലെ ആത്മീയ സുതനുമായിരിക്കും. അല്ലാഹുവിന്റെ ഇച്ഛയാൽ തന്റെ മുൻഗാമിയുടെ ഗുണങ്ങൾ, അദ്ദേഹത്തിൽ ഉത്ഭൂതമാകുന്നതാണ്.

എല്ലാത്തിലും വച്ച്, എറ്റവും ആദരണീയമായത്, മഹത്തായ അടയാളത്തിന്റെ യഥാർത്ഥ ദൃഷ്ടാന്തം, അല്ലാഹുവിന്റെ ഒരു പ്രവാചകൻ അല്ലാഹുവിനോട് പ്രാർത്ഥിക്കുന്നു തനിക്കൊരു ശാരീരിക പുത്രനുവേണ്ടി, അവൻ അല്ലാഹുവിന്റെ ഒരു ദൂതനുമായിരിക്കണം; അഥവാ ഇസ്‌ലാമിന്റെ ഒരു പരിഷ്കർത്താവായിരിക്കണം. ലോകാവസാനം വരെ തന്റെ കഠിനാദ്ധ്വാനങ്ങളുടെ പൈതൃകം പേറുന്നവനുമായിരിക്കണം. അത്തരം ഒരു പ്രാർത്ഥന കേൾക്കുന്ന അല്ലാഹു ആ മഹത്തായ ദൃഷ്ടാന്തം നടപ്പിൽ വരുത്തുന്നു; ഒരു പുത്രനെ നൽകുന്നു; തന്റെ പ്രതിനിധിയായി ; തന്റെ ജീവിതകാലത്ത് തന്നെ താൻ പിതാവാകുമ്പോൾ അത്തരം ഒരു പുത്രനെ പ്രദാനം ചെയ്യുന്നു. തന്റെ വഫാത്തിനുശേഷം അദ്ദേഹം കാത്തിരിക്കേണ്ടതില്ല. അത്തരം ഒരു ദൃഷ്ടാന്ത പൂർത്തീകരണത്തിനായി ! ഈ അർത്ഥനയുടെ പൂർത്തീകരണത്തിന് സാക്ഷിയായി, താൻ ദീർഘകാലം ജീവിച്ചിരിക്കുന്നില്ല.

അതുപോലെ, എന്റെ വിശ്വാസസഹോദരന്മാർ, ജമാഅത്ത് അഹ്മദിയായിലെ വിവിധ ജമാഅത്തുകളിലുളളവർ, സത്യാന്വേഷകരുടെ ശ്രദ്ധ ക്ഷണിക്കുകയുണ്ടായിട്ടുണ്ട്; ആ പുത്രൻ മിർസാ മുബാറക്ക് അഹ്മദ് (റ) ആണ് എന്ന് ! എന്നാൽ ഈ ലോകത്തെ അല്പകാല വാസത്തിന് ശേഷം അദ്ദേഹം വഫാത്താവുകയുണ്ടായി; നാമും ഈ ലോകത്ത് നിന്ന് ഒരു ദിനം വിടവാങ്ങുന്നതുപോലെ. അല്ലാഹുവിൽ നിന്നുള്ള പരീക്ഷണങ്ങളിലൂടെയാണ് അല്ലാഹുവിന്റെ ദൂതൻമാരും കടന്നു പോകുന്നത്; എന്നാൽ പ്രാർത്ഥന ഫലമായി ഒരു ദിവ്യ അടയാളം അല്ലാഹു വാഗ്ദാനം ചെയ്താൽ ; തീർച്ചയായും ഈ അടയാളം അത്ഭുതകരമായ നിലയിൽ പ്രകടമാവുകതന്നെ ചെയ്യുന്നതാണ്. അവർ പറഞ്ഞു അതായത് മുബാറക് അഹ്മദിന്റെ മരണ ശേഷവും, ഹസ്രത് മസീഹ് മൗഊദ് (അ) ന് ഒരു പരിശുദ്ധ മകനെക്കുറിച്ചുള്ള സന്തോഷവാർത്ത ലഭിക്കുകയുണ്ടായി, എന്നാൽ അദ്ദേഹം ആ സമയം മറ്റു ഒരു ആൺകുട്ടിയുടെയും പിതാവായിരുന്നില്ല; അങ്ങനെ ആ പ്രവചനം ആത്മീയ സുതനെക്കുറിച്ചുള്ളതാണ്; ശാരീരിക സുതനെക്കുറിച്ചുള്ളതല്ല എന്ന് ! എന്നാൽ ആത്മീയപുത്രമാർ ജമാഅത്ത് അഹ്മദിയ്യായിൽ വരേണ്ടതുതന്നെയാണ്. കാരണം അത് അല്ലാഹുവിന്റെ സുന്നത്തിൽപെട്ടകാര്യമാണ്. മഹത്തായ പ്രവചനത്തിന്റെ രത്നചുരുക്കം മനസ്സിലാക്കേണ്ടത് ; ആ പ്രവചനം ശാരീരിക പുത്രനെ സംബന്ധിച്ചുള്ളത് ആണ് എന്നതാണ്. അല്ലാഹുവിന്റെ ദൂതൻ പ്രാർത്ഥിച്ചപ്പോൾ, ശാരീരിക പുത്രനെ തന്നെയാണ് അതിലൂടെ പ്രതീക്ഷിച്ചത് ! അത് തന്റെ ലേഖനങ്ങളിലൂടെ വ്യക്തമായി രേഖപ്പെടുത്തിയിട്ടുള്ളതുമാകുന്നു.

അദ്ദേഹത്തിന്റെ എഴുത്തുകളിലൂടെ, വെളിപാടുകൾ തന്റെ എല്ലാ പുത്രൻമാർക്കും ലഭ്യമാണ് എന്ന് പറഞ്ഞിട്ടുള്ളതാണ് ! അത് മരണപ്പെട്ടതായാലും ശരി, ജീവിച്ചിരിക്കുന്നവർ ആയാലും ശരി, അല്ലാഹു (ത) അദ്ദേഹത്തിന് നൽകിയ സന്താനങ്ങൾക്ക് അല്ലാഹു ശുദ്ധ ആത്മാക്കൾ നൽകി അനുഗ്രഹിച്ചിരിക്കുന്നു. പ്രത്യേക കഴിവുകളും പ്രദാനം ചെയ്തിരിക്കുന്നു. എന്നാൽ അദ്ദേഹം പരീക്ഷിക്കപ്പെട്ടത്, ജീവിച്ചിരിക്കുന്ന തന്റെ പുത്രൻമാരിൽ തന്റെ യഥാർത്ഥ ശാരീരിക ആത്മീയ പുത്രൻ ഇസ്ലാമിന്റെ അനന്തരാവകാശി ആരാണ് എന്നുള്ളതിലാണ്, മിശിഹാ ഗുണങ്ങളാൽ അലങ്കൃതമായ ആ പുത്രൻ ആരാണ് ? എല്ലാ പുത്രൻമാരും വെളുപാടുകളാൽ വാഗ്ദാനം ചെയ്യപ്പെട്ടവരാണ്. എന്നാൽ അതിലൊന്ന്, വാഗ്ദത്ത പരിഷ്കർത്താവാണ്. 1886 ലെ ഈ പ്രഖ്യാപനത്തിൽ 9 വർഷത്തെ ഇടവേള പറഞ്ഞിട്ടുണ്ടായിരുന്നു. അതിൽ നിന്നും സംശയാതീതം നമുക്കു പറയാം ആ കുട്ടിയുടെ ജനനത്തിനായി അദ്ദേഹം ആകാംക്ഷയോടെ കാത്തിരിക്കുകയായിരുന്നുവെന്ന് ! ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ജനിച്ചപ്പോൾ, ബശീർ എന്നും മഹ്മൂദ് എന്നും പേരുകൾ നൽകുകയുണ്ടായി. തന്റെ മസീഹിന് അല്ലാഹു പേരു നൽകുന്നതിൽ വഴികാണിച്ചിരുന്നതായിരുന്നില്ലേ, മുസ്‌ലീഹ് (പരിഷ്കർത്താവ്) എന്നും ഗുലാം (പുത്രൻ) എന്നും തനിക്ക് ലഭിക്കാനായി കൂടുതൽ പ്രാർത്ഥിച്ചിരുന്നില്ലേ ?

വാഗ്ദത്ത മസീഹ് (അ) ന്റെ മരണശേഷം, 1886 ഫെബ്രുവരി 20-ാം തീയതിയിലെ പ്രവചന ഭാഗങ്ങൾ എങ്ങനെയാണ് പൂർത്തിയായത് എന്ന് നാം കണ്ട് കഴിഞ്ഞതാണ്. ഹസ്രത് മുസ്‌ലിഹ് മൗഊദ് (റ) എപ്പോഴും പറയുന്നതു പോലെ **“വാഗ്ദാനം ചെയ്യപ്പെട്ട ഒരേ ഒരാൾ ഞാൻ മാത്രമാണ് എന്നും വിധിനാൾ വരേക്കും വാഗ്ദാനം ചെയ്യപ്പെട്ട ആരും വരില്ല എന്നും ഞാൻ പറയുന്നില്ല.” വാഗ്ദത്ത മസീഹിന്റെ പ്രവചനങ്ങളിൽ നിന്നും മനസ്സിലാകുന്നത്, വാഗ്ദാനം ചെയ്യപ്പെട്ട മറ്റ് ചിലരും വരുന്നതാണ്, അവരിൽ ചിലർ നൂറ്റാണ്ടുകൾക്കുശേഷമായിരിക്കും വരുന്നത്. നിശ്ചയം ! അല്ലാഹു എന്നോട് പറഞ്ഞു ഒരു സമയത്ത് രണ്ടാമതും എന്നെ ലോകത്ത് നിയോഗിക്കുന്നതാണ്. ഞാൻ വരുന്നത് ലോകത്തെ പരിഷ്ക്കരിക്കുന്നതിനാണ് ! അന്ന് ലോകത്ത് അല്ലാഹുവിന് പങ്ക് ചേർക്കൽ വ്യാപകമായിരിക്കും. ഇതുകൊണ്ട് അർത്ഥമാക്കുന്നത്, എന്റെ ആത്മാവ് ചിലപ്പോൾ, ആരിലെങ്കിലും ഇറങ്ങുകയും, എന്റേതുപോലുള്ള ജ്ഞാനങ്ങളും, കഴിവുകളും അവനിൽ ഉണ്ടായിതീരുകയും, അവൻ എന്റെ കാല്പാദങ്ങളെ**

**പിന്തുടരുന്നതും, ലോകത്ത് പരിഷ്കരണം നടത്തുന്നതുമാണ്"** അങ്ങനെ വാഗ്ദാനം ചെയ്യപ്പെട്ടവർ അതിന്റേതായ സമയങ്ങളിൽ സർവ്വശക്തനായ അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച്, ആഗതരാകുന്നതാണ്. (ഹസ്രത് മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ് (റ) ന്റെ 20.02.1944 ലെ ഹോഷിയാർപൂർ പ്രഭാഷണത്തിൽ നിന്ന്)

അല്ലാഹുവിൽ നിന്നുള്ള ഒരു വെളിപാട്, ഇപ്പോഴും അവനിൽ നിന്നുള്ള മഹത്തായ ഒരു പ്രവചനം, അത് നമുക്ക് വിവിധ രീതിയിൽ മനസ്സിലാക്കുവാൻ സാധിക്കുന്നു. വിശുദ്ധ ഖുർ ആനിലെ വാക്കുകൾ പോലെ, അത് കഴിഞ്ഞ കാലത്ത് ജീവിച്ചിരുന്നതുപോലെ ഇപ്പോഴും ജീവിച്ചിരിക്കുന്നു ; അത് വിധിനാൾ വരേക്കും ജീവിച്ചിരിക്കുന്നതുമാണ് ; അതുപോലെ ഈ പ്രവചനങ്ങളെയും മനസ്സിലാക്കേണ്ടതാണ്, ഭാവിയിലെ അല്ലാഹുവിന്റെ പ്രവാചകന്മാർക്കുവേണ്ടിയുള്ളതാണ് - ഈ വെളിപാടുകൾ അല്ലാഹുവിന്റെ മഹത്വത്തെ വിളിച്ചറിയിക്കുന്നതും, ആ പ്രവചനങ്ങൾ ഒരു പ്രാവശ്യമല്ല പലപ്രാവശ്യം പൂർത്തീകരിക്കപ്പെടുന്നതും മനുഷ്യകുലത്തിനുമേൽ അല്ലാഹുവിന്റെ കാരുണ്യത്തിന്റെയും ദയയുടെയും അടയാളമായും ; ഇതിലെ ഏറ്റവും മഹത്വപൂർണ്ണമായ അടയാളം ഖിയാമത്തു നാൾ വരേക്കും അതിന്റേതായ സമയങ്ങളിൽ ദൂതൻമാരെ നിയോഗിച്ചുകൊണ്ടിരിക്കും എന്നുള്ളതാണ്. അവന്റെ ഭക്തദൂതൻമാർ മാനവകുലത്തിനെ ശരിയായ പാതയിലൂടെ നയിക്കുന്നതാണ്. അല്ലാഹുവിന്റെ എല്ലാ ദൂതൻമാരുടെയും സത്യത അവർക്ക് മനസ്സിലാക്കി കൊടുക്കുന്നതാണ് ; അവരെ ഉറപ്പിച്ചു നിറുത്തുന്നതാണ് ; എന്തു തന്നെയായാലും അവരുടെ മാന്യത സംരക്ഷിക്കപ്പെടുന്നതുമാണ്.

ഈ കുറിപ്പോടെ, ഞാനീ പ്രസംഗം ചുരുക്കുന്നു. എന്റെ പ്രസംഗത്തിലെ സത്യം കാണുവാൻ ബുദ്ധിമാൻമാരെ അല്ലാഹു പ്രാപ്തമാക്കട്ടെ! അവരുടെ ഹൃദയങ്ങളുടെ വാതിലുകൾ അല്ലാഹു തുറക്കുമാറാകട്ടെ! സത്യത്തിന്റെ പ്രകാശം, വിശ്വാസത്തിന്റെ ചൈതന്യം, ദൈവീക മഹത്വം അതിലൂടെ അവർക്ക് ദർശിക്കുവാൻ കഴിയുമാറാകട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ.

**Translated& Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

*******